LIBRARY ARCHIVES Kerala Legislative Assembly

ആലുവ എടത്തലയിലെ സൗത്ത് ഇന്ത്യൻ വയർ റോപ്സ് കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി

166 (2197) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ എടത്തലയിലെ സൗത്ത് ഇന്ത്യൻ വയർ റോപ്സ് കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനി ഏറ്റെടുക്കുന്നതിന് ആരെല്ലാം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനി ഏറ്റെടുക്കുന്നതിന് പരഹരിക്കപ്പെടേണ്ടതായ എന്തെല്ലാം പ്രശ്നങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സൗത്ത് ഇന്ത്യൻ വയർ റോപ്സ് കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി പുനരുദ്ധാരണ പദ്ധതിയുമായി മുന്നോട്ട് വന്ന ഇലഞ്ഞിക്കൽ ഗ്രൂപ്പിന്റെ പ്രസിഡന്റായ ശ്രീ. ജോസഫ് വർഗ്ഗീസുമായി സർക്കാർ പല പ്രാവശ്യം ചർച്ചകൾ നടത്തിയെങ്കിലും ഒന്നും ഫലവത്തായില്ല. ഇപ്പോൾ ടി. കമ്പനിയെ പുനരുദ്ധരിക്കുന്നതിനുവേണ്ടി മുന്നോട്ട് വന്ന കമ്പനിയുടെ മുൻ ഡയറക്ടറായ ശ്രീ. ജോസ് തോമസിന്റെ പുനരുദ്ധാരണ പദ്ധതിയെ സർക്കാർ അംഗീകരിക്കണമെന്ന് ടി കമ്പനിയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ ആവശ്യപ്പെട്ടതനുസരിച്ച് ബന്ധപ്പെട്ടവരുമായി വിശദമായി ചർച്ച നടത്തുന്നതിനായി വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17-3-2011-ൽ ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ധനകാര്യ സ്ഥാപനങ്ങളായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (SBT) ഇൻഡസ്ട്രിയൽ ഇൻവെസ്റ്റ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ ലിമിറ്റഡ് (IIBI) കെ.എസ്.ഐ.ഡി.സി. (KSIDC) എന്നിവയുമായി കമ്പനിക്കുള്ള സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുവാൻ കഴിയാത്തതാണ് പ്രധാനമായും കമ്പനിയുടെ പുനരുദ്ധാരണത്തിനുള്ള തടസ്സം.

സംസ്ഥാനത്തെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പ്രവർത്തനരഹിതമായ വ്യവസായ യൂണിറ്റുകൾ കൈമാറ്റം ചെയ്തുകൊടുക്കുന്നതിന് നടപടി

168 (2198) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പ്രവർത്തിച്ചിരുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ഭൂരിഭാഗവും പ്രവർത്തനരഹിതമായി അടച്ചു പൂട്ടിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;